# Malayala Manorama
# 25 August 2018
# Kochi; Priority for Restoration work; Minister

# മുൻഗണന പുനരുദ്ധാരണ പ്രവർത്തനത്തിന്: മന്ത്രി

**■ മാലിന്യസംസ്കരണം അടക്കമുള്ള കാര്യങ്ങൾ നിർവഹിക്കേണ്ടതു തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന്**

**കൊച്ചി** • ക്യാംപുകളിൽനിന്നു ജനങ്ങൾ വീടുകളിലേക്കു മടങ്ങിത്തുടങ്ങിയ സാഹചര്യത്തിൽ പുനരുദ്ധാരണ പ്രവർത്തനത്തിനു മുൻഗണന നൽകണമെന്നു മന്ത്രി എ.സി. മൊയ്തീൻ.

വീടുകൾ നഷ്ടമായവർക്കു സ്കൂളുകൾ തുറക്കുമ്പോൾ വാസയോഗ്യമായ സ്ഥലങ്ങൾ ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ കണ്ടെത്തണം. മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ പഞ്ചായത്തുകളുമായി ചേർന്നു നിർവഹിക്കണമെന്ന് ഉദ്യോഗസ്ഥർക്കു മന്ത്രി നിർദേശം നൽകി.

ശുചീകരണം, വൈദ്യുതിവിതരണം പുനഃസ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കണയന്നൂർ താലൂക്കിലെ യോഗത്തിൽ പങ്കെടുക്കുകയായിരുന്നു മന്ത്രി.

വീടുകളിലേക്കു മടങ്ങിയവർക്ക് അഞ്ചുകിലൊ അരി ഉൾപ്പെടെ അവശ്യസാധങ്ങളടങ്ങിയ ഒരു ലക്ഷത്തോളം കിറ്റുകൾ ജില്ലയിൽ വിതരണം ചെയ്യും. മൃഗങ്ങളുടെ അവശിഷ്ടങ്ങൾ, വസ്ത്രാവശിഷ്ടങ്ങൾ, വീടുകളിൽനിന്നു നീക്കംചെയ്യുന്ന മാലിന്യങ്ങൾ തുടങ്ങിയവ അടിയന്തരമായി ശാസ്ത്രീയമായി സംസ്കരിക്കും.

ശുചീകരണപ്രവർത്തനങ്ങൾക്കു കുമ്മായം, ബ്ലീച്ചിങ് പൗഡർ പോലുള്ളവ ലഭ്യമല്ലെങ്കിൽ പഞ്ചായത്തുകൾ വില കൊടുത്തുവാങ്ങണം. അടിയന്തര സാഹചര്യം കണക്കിലെടുത്തു സ്വന്തം ഫണ്ടിൽ നിന്നോ ദീർഘകാല പദ്ധതികൾക്കായി നീക്കിവച്ചിട്ടുള്ള ഫണ്ടിൽ നിന്നോ തുക ചെലവഴിക്കാം.

ശുചീകരണപ്രവർത്തനങ്ങൾക്കു തൊഴിലുറപ്പ് തൊഴിലാളികളുടെ തൊഴിൽ ഉപകരണങ്ങൾ പ്രയോജനപ്പെടുത്താം. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയും ഉപയോഗപ്പെടുത്താം. ഇ-വേസ്റ്റും, പ്ലാസ്റ്റിക് മാലിന്യങ്ങളും അതാതു പഞ്ചായത്തുകളിൽ പ്രത്യേകമായി ശേഖരിച്ചുവയ്ക്കണം. ശുചിത്വമിഷൻ ഇവ നീക്കാൻ നടപടി എടുക്കും. ക്യാംപുകളിൽ സാധനങ്ങൾ എത്തിച്ചുനൽകുന്നവർ സ്റ്റീൽ പാത്രങ്ങളും ഗ്ലാസുകളും ലഭ്യമാക്കുന്നതു നന്ന്.

ജനങ്ങൾ വീടുകളിലേക്കു മടങ്ങുന്ന സാഹചര്യത്തിൽ ടാങ്കർ ലോറികളിലും ചെറുവണ്ടികളിലും കുടിവെള്ളം അടിയന്തരമായി എത്തിക്കണം. ജല അതോറിറ്റിക്കു പഞ്ചായത്തുകളുടെ സഹകരണം തേടാം. വാഹനങ്ങൾ

മോട്ടോർ വാഹന വകുപ്പ് ലഭ്യമാക്കണം. ഒറ്റപ്പെട്ടുപോയ ചെറിയ കടമക്കുടി, പിഴല ദ്വീപുകളിൽ ബോട്ടുകളിൽ വെള്ളം എത്തിക്കും. ക്യാംപുകളിൽ ചികിത്സകൾ കൊടുക്കുന്നുണ്ട്. രണ്ടു ക്യാംപുകളിൽ ചിക്കൻപോക്സ് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഇവരെ പ്രത്യേക സ്ഥലത്തേക്കു മാറ്റി. ക്യാംപുകളിൽ പ്രതിരോധമരുന്നും വിതരണം ചെയ്യും. പ്രളയത്തിന്റെ ആഘാതത്തിൽനിന്നു മുക്തരാകാത്തവർക്കു കൗൺസലിങ് നൽകും. ആരോഗ്യവകുപ്പിൽ ജീവനക്കാരുടെ കുറവുണ്ടെങ്കിൽ താൽക്കാലിക അടിസ്ഥാനത്തിൽ ഉടൻ നിയോഗിക്കാം. നഷ്ടപരിഹാരം ഉൾപ്പെടെയുള്ള കാര്യങ്ങൾക്കു കോമൺ ഫോറം തയാറാക്കുന്നുണ്ടെന്നും ഇപ്പോഴത്തെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്നും മന്ത്രി പറഞ്ഞു.

യോഗത്തിൽ എംഎൽഎമാരായ എസ്. ശർമ, വി.കെ. ഇബ്രാഹിംകുഞ്ഞ്, ഹൈബി ഈഡൻ, ജോൺ ഫെർണാണ്ടസ്, എം. സ്വരാജ്, കൗൺസിലർ എ.ബി. സാബു, ആർഡിഒ എസ്. ഷാജഹാൻ, ഡപ്യൂട്ടി കലക്ടർ പി.ബി. സുനിൽ ലാൽ, തഹസിൽദാർ എൻ.ആർ. വൃന്ദാദേവി തുടങ്ങിയവർ പങ്കെടുത്തു.